# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3108** **07-02-2018 ൽ മറുപടിക്ക്**

## 1964 ലെ കേരള ഭൂമിപതിവ് ചട്ടങ്ങളിലെ റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, റൂൾ 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് പതിച്ചുകൊടുക്കുന്ന പട്ടയം, മറ്റ് ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയങ്ങളിൽ നിന്നും തിരിച്ചറിയുന്നതിനുള്ള മാർഗ്ഗം എന്താണ്; റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയത്തിന് പ്രത്യേക പട്ടയഫോറം ഉണ്ടോ; എങ്കിൽ ഏതെന്നറിയിക്കാമോ; | (എ) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പതിച്ചു കൊടുക്കുന്ന ഭൂമികളുടെ പട്ടയം അനുവദിക്കുമ്പോൾ ടി പട്ടയഫാറത്തിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണോ അനുവദിക്കുന്നത് പ്രസ്തുത ഉത്തരവ് നമ്പരും തീയതിയും രേഖപ്പെടുത്തിയാണ് നൽകുന്നത്. റൂൾ 24 പ്രകാരം അനുവദിക്കുന്ന പട്ടയത്തിന് പ്രത്യേക പട്ടയ ഫോറം നിലവിലില്ല. |
| (ബി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, റൂൾ 24 പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയത്തിൽ പ്രത്യേകം രേഖപ്പെടുത്തുന്ന വ്യവസ്ഥകൾ അല്ലാതെ കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ൽ പ്രതിപാദിച്ചിരിക്കുന്ന മറ്റേതെങ്കിലും ചട്ടങ്ങൾ ബാധകമാണോ; എങ്കിൽ ഏതെല്ലാം ചട്ടങ്ങൾ ബാധകമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 ലെ ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഗവൺമെന്റിന് പൊതുതാല്പര്യ പ്രകാരം അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കാണുന്ന പക്ഷം ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പരിഗണിക്കാതെയും അതിനു ചുമത്താവുന്ന ഏതെങ്കിലും വ്യവസ്ഥകൾ ചുമത്തി കൊണ്ടും ഭൂമി പതിച്ചു നൽകാവുന്നതാണ്. |
| (സി കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, ചട്ടം 24 പ്രകാരം പതിച്ചു കൊടുക്കുന്ന പട്ടയത്തിന് കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 ലെ ഏതെല്ലാം ചട്ടങ്ങൾ ഒഴിവാക്കിയാണ് പട്ടയം അനുവദിച്ചിരിക്കുന്നതെന്ന് എപ്രകാരം മനസ്സിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | |

(signature)

സെക്ഷൻ ഓഫീസർ